വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, ഈ പ്രശ്നത്തിൽ നയപരമായ ഒരു തീരുമാനം ഗവൺമെന്റ് കൈക്കൊള്ളുകയുണ്ടായി. സംസ്ഥാനത്തെ എൽ.പി.സ്കൂളുകളിൽ ടി.ടി.ഐ. അല്ലെങ്കിൽ ടി.ടി.സിക്കാർക്കൊപ്പം ബി.എഡ്. യോഗ്യതയുള്ളവരേയും പരിഗണിക്കാമെന്ന് ഗവൺമെന്റ് തത്വത്തിൽ അംഗീകരിക്കുകയും അതിന് ബന്ധപ്പെട്ട നിയമത്തിൽ ഭേദഗതി വരുത്തുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ അധ്യയനവർഷം സംസ്ഥാനത്ത് നിലവിലുള്ള 1081 എൽ.പി./യു.പി. അസിസ്റ്റന്റ് ഒഴിവുകളിലേയ്ക്ക് മേൽപ്പറഞ്ഞ യോഗ്യതപ്രകാരം നിലവിലുള്ള റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്തുന്നതിന് കോടതി അനുവദിച്ചിട്ടുണ്ട്. അതനുസരിച്ച് എൽ.പി./യു.പി. സ്കൂളുകളിലെ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുവാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ പി.എസ്.സി. ഇപ്പോൾ പുതിയ ലിസ്റ്റ് അംഗീകരിച്ച് വിദ്യാഭ്യാസ വകുപ്പിൽനിന്നും നിയമനങ്ങൾ നടത്താൻ തുടങ്ങിയിട്ടുണ്ട്. ഏറെ താമസിയാതെ ഈ നിയമനങ്ങൾ പൂർത്തിയാകുന്നതാണ്.

(21) വടകര ഓർക്കാട്ടേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ ശോച്യാവസ്ഥ

ശ്രീ. സി.കെ. നാണു: സർ, വടകരയിലെ ഓർക്കാട്ടേരിയിലെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ പോരായ്മകളെക്കുറിച്ച് വ്യക്തമാക്കാനും അവ പരിഹരിക്കണമെന്ന് അഭ്യർത്ഥിക്കാനുമാണ്, ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. അപര്യാപ്തതകളുണ്ടായിട്ടും ദിവസേന 300-ഓളം രോഗികൾ അവിടെ വരുന്നു. ഉച്ചയ്ക്കുശേഷം രോഗികളെ ചികിത്സിക്കാൻ ഡോക്ടറില്ല. ഗൈനക്കോളജി, മെഡിസിൻ, പീഡിയാട്രിക്സ്, സർജിക്കൽ, അനസ്തേഷ്യ എന്നീ വിഭാഗങ്ങളിൽ ഡോക്ടർമാർ ആവശ്യമുള്ളിടത്ത് പീഡിയാട്രിക്സ് വിഭാഗത്തിൽ മാത്രമേ അവിടെ സ്പെഷ്യലൈസ് ചെയ്ത ഡോക്ടറുള്ളൂ. അതുപോലെ ലാബ് സൗകര്യമോ ആവശ്യമായ ജീവനക്കാരോ ഇല്ല. 30 ബെഡ്ഡുകൾ വേണ്ട സ്ഥാനത്ത് 12 ബെഡ്ഡുകൾ മാത്രമേയുള്ളൂ. ഈ അപര്യാപ്തത പരിഹരിക്കാൻ ആ പ്രദേശത്തുള്ള എല്ലാ ബഹുജനസംഘടനകളും പ്രക്ഷോഭത്തിന്റെ പാതയിലാണ്. ഹെൽത്ത് സെന്ററിന്റെ പോരായ്മകൾ പരിഹരിക്കാനാവശ്യമായ നടപടി കൈക്കൊള്ളണം.

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രിക്കുവേണ്ടി വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ) : സർ, ഓർക്കാട്ടേരി പ്രാഥമികാരോഗ്യകേന്ദ്രത്തിൽ ഡോക്ടർമാരുടെ 4 തസ്തികകളാണ് ഇന്ന് നിലവിലുള്ളത്. കോൺട്രാക്ട് അടിസ്ഥാനത്തിൽ സേവനം അനുഷ്ഠിക്കുന്ന ഒരാളുൾപ്പെടെ ഇപ്പോൾ 4 തസ്തികകളിൽ ഡോക്ടർമാരുണ്ട്. പാരാമെഡിക്കൽ സ്റ്റാഫിന്റെ 34 തസ്തികകളുള്ളതിൽ 30-ലും ജീവനക്കാരുണ്ട്. ഓഫീസ് ജീവനക്കാരുടെ 5 തസ്തികകളിലും ജീവനക്കാർ സേവനമനുഷ്ഠിക്കുന്നു. ജീപ്പ് ഡ്രൈവറുടെ സേവനം ഇവിടെ ലഭ്യമാണ്; പ്രവർത്തനക്ഷമമായ ജീപ്പുമുണ്ട്. ആർ.സി.എച്ച്. പദ്ധതിയിൽപ്പെടുത്തി 10 ലക്ഷം രൂപ ഓർക്കേട്ടേരി പ്രാഥമികാരോഗ്യ കേന്ദ്രത്തിന് അനുവദിച്ചിട്ടുണ്ട്. ഇതിൽ രണ്ടു ലക്ഷം രൂപ കൈമാറിക്കഴിഞ്ഞു. അതുപ്രകാരമുള്ള നിർമ്മാണ പ്രവൃത്തി വടകര ബ്ലോക്ക് പഞ്ചായത്തിനെയാണ് ഏൽപ്പിച്ചിട്ടുള്ളത്. അതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. രണ്ടുലക്ഷം രൂപ ചെലവഴിക്കുന്ന മുറയ്ക്ക് ബാക്കി തുകകൂടി ബ്ലോക്ക് പഞ്ചായത്തിന് കൈമാറുന്നതാണ്. പശ്ചാത്തല

LIBRARY ARCHIVES Kerala Legislative Assembly

സൗകര്യം വർദ്ധിപ്പിക്കണമെന്നും കൂടുതൽ ജീവനക്കാരെ നിയമിക്കണമെന്നുമുള്ള ആവശ്യം സാമ്പത്തിക പരിമിതിക്കുള്ളിൽനിന്നുകൊണ്ട് പരിശോധിക്കാനും കഴിയുന്നത്ര പരിഹാരമുണ്ടാക്കാനും ശ്രമിക്കുന്നതാണ്.

(22) കുളമാവ് ജവഹർ നവോദയാ റസിഡൻഷ്യൽ സ്കൂളിലെ വിദ്യാർത്ഥികൾക്കുണ്ടായ ഭക്ഷ്യവിഷബാധ

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : സർ, ഇടുക്കി നിയോജകമണ്ഡലത്തിൽപ്പെട്ട കുളമാവ് ജവഹർ നവോദയാ സ്കൂളിലെ 82 കുട്ടികൾക്ക് ഭക്ഷ്യവിഷബാധ ഏറ്റ പ്രശ്നമാണ് എനിക്ക് ഈ സഭയ്ക്കുമുമ്പിൽ അവതരിപ്പിക്കാനുള്ളത്. മൂലമറ്റം ബിഷപ് വയലിൽ ആശുപത്രിയിൽ 11 കുട്ടികൾ ചികിത്സയിലാണ്. മറ്റുള്ളവരെ കുളമാവിലുള്ള ഡിസ്പെൻസറിയിൽ പ്രാഥമിക ശുശ്രൂഷ നടത്തി വിട്ടയ്ക്കുകയുണ്ടായി. ഗിരിവർഗ്ഗ കുട്ടികൾ താമസിക്കുന്ന പ്രീമെട്രിക് ഹോസ്റ്റലുകളിലുൾപ്പെടെ പലപ്പോഴും ഇത്തരം സംഭവങ്ങൾ ഉണ്ടാകാറുണ്ട്. ഇത്തരം ഹോസ്റ്റലുകളിൽ പീരിയോഡിക്കൽ മെഡിക്കൽ ഇൻസ്പെക്ഷൻ നടത്താനുള്ള ഒരു സംവിധാനമുണ്ടാകണം. ഭക്ഷണസാധനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും ശുദ്ധജലവിതരണം ഉറപ്പുവരുത്തുന്നതിനും നമുക്ക് കഴിയേണ്ടതുണ്ട്. ഭക്ഷ്യവിഷബാധ ഏറ്റ മുഴുവൻ വിദ്യാർത്ഥികൾക്കും ചികിത്സാസഹായം അനുവദിക്കണമെന്നും ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ കരുതൽനടപടികൾ സ്വീകരിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രിക്കുവേണ്ടി വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ) : സർ, കുളമാവ് ജവഹർ നവോദയാ റസിഡൻഷ്യൽ സ്കൂളിലെ അന്തേവാസിയായ ഒരു കുട്ടിക്ക് ജൂലൈമാസം 18-ാം തീയതി ഞായറാഴ്ച ഛർദ്ദിയും വയറിളക്കവുമുണ്ടായതിനെത്തുടർന്ന് മൂലമറ്റത്തെ ഒരു സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിക്കുകയുണ്ടായി. 19-ാം തീയതി തിങ്കളാഴ്ച 14 കുട്ടികൾക്കുകൂടി ഇതേ അസുഖം കണ്ടതായി സംശയം തോന്നിയതിന്റെ അടിസ്ഥാനത്തിൽ പ്രാഥമിക ശുശ്രൂഷയ്ക്കും നിരീക്ഷണത്തിനും ശേഷം നാലുപേരെക്കൂടി ആശുപത്രിയിൽ പ്രവേശിപ്പിക്കുകയുണ്ടായി. കൂടുതൽപേർക്ക് അസുഖമുണ്ടാകുമെന്ന സംശയത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാ ആശുപത്രി സൂപ്രണ്ട്, ജില്ലാ ഇമ്മ്യൂണൈസേഷൻ ഓഫീസർ, മുട്ടം പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ മെഡിക്കൽ ഓഫീസർ, മാസ് എഡ്യൂക്കേഷൻ ഓഫീസർ എന്നിവരുടെ നേതൃത്വത്തിലുള്ള മെഡിക്കൽ ടീം ആംബുലൻസടക്കമുള്ള സജ്ജീകരണങ്ങളോടുകൂടി സ്കൂളിൽ എത്തുകയും രോഗലക്ഷണമുണ്ടെന്ന് സംശയമുള്ള കുട്ടികളെ പരിശോധിക്കുകയുമുണ്ടായി. രോഗലക്ഷണങ്ങൾ കണ്ടെത്തിയ പതിനൊന്നുപേരെ മൂലമറ്റത്തെ സ്വകാര്യ ആശുപത്രിയിലേയ്ക്കയച്ചു. മറ്റെല്ലാപേർക്കും ശുശ്രൂഷ നൽകുകയും ചെയ്തു. ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ടവരുടെ നില ഇപ്പോൾ തൃപ്തികരമാണ്. അവരെ ഇന്ന് ഡിസ്ചാർജ് ചെയ്യും. സ്കൂളിലെ മെസ്സിൽ പാകം ചെയ്ത ആഹാരത്തിൽനിന്നുണ്ടായ ഭക്ഷ്യവിഷബാധമൂലമാണ് ഈ അസുഖമുണ്ടായതെന്നാണ് സംശയിക്കുന്നത്. വൃത്തിഹീനമായ അന്തരീക്ഷത്തിലാണ് ഇവിടെ പാചകം ചെയ്തുകൊണ്ടിരിക്കുന്നതെന്ന് റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ട്. ശുചിയായ സ്ഥലത്ത് ആഹാരം പാചകം ചെയ്യണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. കൂടാതെ ജലസ്രോതസ്സുകൾ ക്ലോറിനേറ്റ് ചെയ്തിട്ടുണ്ട്. സ്കൂൾ മെസ്സിലെ ഭക്ഷ്യവസ്തുക്കളുടെ സാമ്പിൾ ശേഖരിച്ച് രാസപരിശോധനയ്ക്കയച്ചിട്ടുണ്ട്. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരി

LIBRARY ARCHIVES Kerala Legislative Assembly